കഴിയുകയുള്ളൂ. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നിരുന്നു. രണ്ടരക്കോടി രൂപ ഇതിന് ചെലവ് വരുമെന്നും റെയിൽവേ അധികൃതർ അറിയിച്ചിരുന്നു. ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചതുപോലെ, ബഹുമാനപ്പെട്ട എം. പി. ശ്രീ. എം. ബി. രാജേഷും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിൽ ഒരുപിടി നിർദ്ദേശങ്ങൾ വയ്ക്കുകയും ഫൂട്ട് ഓവർ ബ്രിഡ്ജിന് എസ്കലേറ്റർ നിർമ്മിക്കാനും റെയിൽവേയുടെ അനുമതിക്കായി അപേക്ഷ സമർപ്പിക്കാനും ആർ.ബി.ഡി.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് റെയിൽവേയിൽനിന്നും അനുകൂല മറുപടി ലഭിച്ചില്ലെങ്കിൽ മറ്റ് പരിഹാരമാർഗ്ഗങ്ങൾ എന്താണെന്ന് ആലോചിക്കാൻ ഒരു എക്സ്പേർട്ട് കമ്മിറ്റിയെ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഒരു കൺസൽട്ടൻസിയെ നിയമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(18) ഗ്രാമീണ റോഡുകളുടെ കരാർ

<u>ശ്രീ. എ. റ്റി. ജോർജ്</u>: സർ, കാലാവസ്ഥാവ്യതിയാനംമൂലം നമ്മുടെ സംസ്ഥാനത്തെ ഭൂരിപക്ഷം റോഡുകളും പൊട്ടിപ്പൊളിഞ്ഞും ഗതാഗത യോഗ്യമല്ലാതായും തീർന്നിരിക്കുകയാണ്. ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

തുടർച്ചയായ മഴകാരണം റോഡിൽ വെള്ളംകെട്ടി കിടക്കുന്നതുമൂലവും റോഡ് നിർമ്മാണത്തിലെ അപാകതമൂലവും വളരെയേറെ റോഡുകൾ ഗതാഗത യോഗ്യമല്ലാതായി മാറിയിരിക്കുന്നു. ഇന്ന് കാണുന്ന ചെറിയ കുഴികൾ നാളെ വലിയ കുഴികളായി മാറുന്നുണ്ട്. ഗതാഗത ബാഹുല്യവും 40 മുതൽ 50 വരെ ടൺ ഭാരംകയറ്റിയ വാഹനങ്ങൾ കടന്നുപോകുന്നതുമൂലവും റോഡുകൾ പെട്ടെന്ന് പൊട്ടി നശിക്കുന്നു. പാറശ്ശാല നിയോജക മണ്ഡലത്തിലെ വാഴിച്ചൽ-അമ്പൂരി റോഡ്, ചൂളിയൂർ-ചടച്ചി-മാർത്താണ്ഡംറോഡ്, മണ്ഡപത്തിൻകടവ്-വാഴിച്ചൽ റോഡ്, ആറാട്ടുകുഴി-അമ്പൂരി റോഡ്, മണ്ഡപത്തിൻകടവ്-മുകുന്ദറ റോഡ്, മൈലച്ചൽ-കോരണംകോട് റോഡ്, അമരവിള-ഒറ്റശേഖരമംഗലം റോഡ്, അരുവിപ്പുറം-മാരായമുട്ടം റോഡ്, മുതിയാവിള-ഒറ്റശേഖരമംഗലം റോഡ് എന്നീ റോഡുകൾ തികച്ചും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. അതുവഴി പോകുന്ന ബസ് സർവ്വീസ് നിർത്തിവച്ചിരിക്കുകയുമാണ്. അടിയന്തരമായി ഷെല്ലാക്ക് ഉപയോഗിച്ച് ചെറിയ കുഴികൾ അടക്കുന്നതിനും ചെറിയ റിപ്പയറുകൾക്ക് imprest account-ൽനിന്നും പണം അനുവദിച്ചും ബി.എം.ആന്റ് ബി.സി. ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

പുനർനിർമ്മാണം നടത്തണം. ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി. ബിറ്റുമിൻ നൽകണം. അതുപോലെ പി.ഡബ്ല്യു.ഡി.-ക്ക് റേറ്റുകളും നൽകണം. ഗ്രാമീണ റോഡുകൾ ടെണ്ടർ എക്സസ് നൽകാത്തതുമൂലം കരാറുകാർ പണി ഏറ്റെടുത്ത് നടത്തുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മഴക്കെടുതിമൂലം നാശം സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പുമന്ത്രി റോഡുകളുടെ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട എ. റ്റി. ജോർജ് ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല കേരളത്തിലെ പല ഭാഗത്തും ഇതുപോലെ റോഡുകളിൽ കുഴിയുണ്ടായിട്ടുണ്ട്. അതിന് പ്രധാനകാരണമായി പയുന്നത് ഇത്തവണ കിട്ടിയ മഴ സാധാരണകിട്ടുന്ന മഴയേക്കാൾ ഏകദേശം 30 ശതമാനംവരെ കൂടുതലാണെന്നാണ്. റിപ്പയറിംഗിന് ഫണ്ട് അനുവദിക്കുകയും എന്നാൽ റിപ്പയറിംഗ് ചെയ്യാൻ സാധിക്കാത്ത വിധത്തിലുള്ള മഴയാണ് ഉണ്ടായത്. ഏതായാലും 40 എം.എം. ചിപ്പിംഗ് കാർപ്പറ്റും, ബി.എം.ആന്റ് ബി.സി.യുമാണ് ഇപ്പോൾ ചെയ്യുന്ന മിക്കവാറുമുള്ള റോഡുകൾ. അദ്ദേഹം സൂചിപ്പിച്ചതുപോലെ, അത് നല്ല ഈട് ലഭിക്കുന്ന റോഡുകളായി മാറുന്നതായിരിക്കും.

പാറശ്ശാല മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 2014-ൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചാണ്. ഒരു കോടി രൂപവരെയുള്ള പ്രവൃത്തികൾക്ക് സർക്കാർ നേരിട്ട് ബിറ്റുമിൻ നൽകാൻ തീരുമാനിക്കുകയും കൊടുത്തുതുടങ്ങുകയും ചെയ്തിട്ടുമുണ്ട്. പാറശ്ശാല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തുതീർക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്. അധികഭാരം കയറ്റിവരുന്ന ലോറികൾ റോഡുകൾ തകരുന്നതിന് കാരണമാകുന്നുവെന്ന് ബഹുമാനപ്പെട്ട എ. റ്റി. ജോർജ് എം.എൽ.എ.യുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഇതിനൊരു പരിഹാരം കണ്ടെത്താൻ ആലോചിക്കുന്നുണ്ട്.

(19) സേവന-വേതന പരിഷ്കരണം

ശ്രീ. കെ. മുരളീധരൻ: സർ, സർക്കാർ ആശുപത്രികൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ഗ്രാമീണ മേഖലകളിലെ സേവനം തുടങ്ങി വർദ്ധിച്ചുവരുന്ന ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly